പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3201 25.6.2012-ൽ മറുപടിയ്ക്ക്

## പൊതു മേഖലാ സ്ഥാപനങ്ങളിൽ നൽകുന്ന പരാതികളിന്മേൽ തുടർനടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.പി. അബ്ദുസ്സമദ് സമദാനി<br>,, എൻ. ഷംസുദ്ദീൻ<br>,, എം ഉമ്മർ | ശ്രീ.ഉമ്മൻ ചാണ്ടി<br>മുഖ്യമന്ത്രി |
| (എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സർക്കാർ; അർദ്ധ സർക്കാർ പൊതു മേഖലാ ഓഫീസുകളിലും സ്ഥാപനങ്ങളിലും വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾ നല്കുന്ന പരാതികൾക്കും, നിവേദനങ്ങൾക്കും ഉചിതമായ പരിഗണന നല്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) പരാതികൾക്കോ നിവേദനങ്ങൾക്കോ തീരുമാനമാകുമ്പോൾ ആയവ സംബന്ധിച്ച മറുപടി നിർബന്ധമായും നല്കിയിരിക്കണമെന്നതു സംബന്ധിച്ച് നിർദ്ദേശമെന്തെങ്കിലും പുറപ്പെടുവിച്ചിട്ടുണ്ടോ; | (ബി) പൊതുജനങ്ങൾ സർക്കാരിനും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും സമർപ്പിക്കുന്ന. പരാതികൾ/ നിവേദനങ്ങൾ എന്നിവയിൽ തീരുമാനമാകുമ്പോൾ മറുപടി നിർബന്ധമായും നൽകിയിരിക്കണെ മെന്നത് സംബന്ധിച്ച് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) ഇതു സംബന്ധിച്ച സർക്കാർ നിർദ്ദേശം അനുസരിക്കാതിരിക്കുന്ന . സാഹചര്യത്തിൽ ബന്ധപ്പെട്ടവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കാറുളളതെന്ന് പറയാമോ; | (സി) നിർദ്ദേശം അനുസരിക്കാതിരിക്കു. ന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | അതിനായി ആരെയാണ് സമീപിക്കേണ്ടതെന്ന് വ്യക്തമാക്കുമോ; | (ഡി) | അതാത് വകുപ്പ് മേധാവികളും ഓഫീസ് തലവന്മാരും സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |
| (ഇ) | പരാതിക്കാരന് മറുപടി നല്കി എന്നു ഉറപ്പാക്കേണ്ട ഉത്തരവാദിത്തം അതത് ഓഫീസ്/സ്ഥാപന മേധാവിക്കു നല്കി ഉത്തരവു പുറപ്പെടുവിക്കുമോ? | (ഇ) | പരാതിക്കാരന് മറുപടി നൽകിയെന്ന് ഉറപ്പാക്കേണ്ട ഉത്തരവാദിത്വം അതാത് ഓഫീസ് മേധാവികൾക്ക് നൽകിക്കൊണ്ടുള്ള സർക്കുലർ ഇപ്പോൾ പ്രാബല്യത്തിലുണ്ട്. |

സെക്ഷൻ ഓഫീസർ